**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1876 04.05.2017- ൽ മറുപടിക്ക്**

**"ബിസിനസ്സ് ഇൻകുബേഷൻ കേന്ദ്രങ്ങൾ"**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.റ്റി.വി.രാജേഷ്<br>,, ജോർജ് എം. തോമസ്<br>,, കാരാട്ട് റസാഖ്<br>,, കെ.വി.വിജയദാസ് | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് സംരംഭകത്വ ആശയവുമായി മുന്നോട്ട് വരുന്ന പുതിയ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ബിസിനസ്സ് ഇൻകുബേഷൻ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) & ബി) | ഉണ്ട്. സമഗ്രമായ ഒട്ടനവധി സഹായങ്ങൾ നൽകി കൊണ്ട് ഒരു ബിസിനസ് ആശയത്തെ ഉത്പ്പന്നം/സേവനം എന്ന നിലയിലേയ്ക്ക് പരിവർത്തിപ്പിച്ച് ഒരു വിജയകരമായ സംരംഭകനെ സൃഷ്ടിക്കുന്ന വേദിയാണ് ബിസിനസ്സ് ഇൻക്യൂബേഷൻ സെന്റർ. ശരാശരിയിലും അധികമായ തൊഴിൽ ലഭ്യത, സമ്പത്തുല്പാദനം എന്നിവയുടെ സ്ഥിരമായ വളർച്ച ഒരു വിജയകരമായ ബിസിനസ്സ് ഇൻക്യൂബേറ്റർ ഉറപ്പുവരുത്തുന്നു. തൊഴിലവസരങ്ങളുടെ സൃഷ്ടി, സംരംഭകത്വ കാലാവസ്ഥയെ പരിപോഷിപ്പിക്കൽ, സാങ്കേതിക വിദ്യയുടെ വാണിജ്യ വത്ക്കരണം പ്രാദേശിക സാമ്പത്തികാവസ്ഥയുടെ വൈവിദ്ധ്യവത്ക്കരണം, പ്രാദേശിക വ്യവസായ സമൂഹങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തൽ, ബിസിനസ്സിന്റെ സൃഷ്ടിയും നിലനിർത്തലും, വനിതകളുടെയും ന്യൂനപക്ഷങ്ങളുടെയും സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കൽ, ആഭ്യന്തരവും ആഗോളവുമായ ബിസിനസ്സ് അവസരങ്ങളെ കണ്ടെത്തൽ, സമൂഹ പുനർ നിർമ്മിതി തുടങ്ങിയ സാമൂഹിക സാമ്പത്തികാവശ്യങ്ങളെ കണ്ടെത്തി പുതിയ സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ഇന്റർനെറ്റ് തുടങ്ങിയവ ബിസിനസ്സ് ഇൻക്യൂബേഷൻ സെന്റർ മുഖേന ലഭ്യമാകുന്നു.<br><br>കേരളത്തിലെ യുവ സംരംഭകരുടെ നൂതനമായതും വ്യത്യസ്തവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി പ്രാരംഭ മൂലധന സഹായം (പരമാവധി 25 ലക്ഷം രൂപ) നൽകി വരുന്നു. |
| ബി) | പുതിയ സംരംഭകർക്ക് ആവശ്യമായ സാങ്കേതിക, അടിസ്ഥാന സൗകര്യങ്ങൾ, വൈദഗ്ധ്യ വികസനം എന്നിവയ്ക്കായി എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സെന്ററുകളിൽ ലഭ്യമാകുന്നത്; | | |

| | | | |
|---|---|---|---|
| സി) | വിജയം കൈവരിച്ച സംരംഭകരുടെയും വിദഗ്ദ്ധരുടെയും പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകളെ കൂടുതൽ ഫലപ്രദമാക്കുവാൻ നടപടി സ്വീകരിക്കുമോ? | സി) | ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകളിൽ പ്രവർത്തിക്കുന്ന കമ്പനികൾക്കായി വിജയം കൈവരിച്ച വിദഗ്ധരുടെയും സംരംഭകരുടേയും സേവനങ്ങൾ ഉൾപ്പെടുത്തി സമയാസമയങ്ങളിൽ മെന്ററിംഗ് സപ്പോർട്ടും, വിദഗ്ധ ക്ലാസുകളും കെ.എസ്.ഐ.ഡി.സി നടത്തി വരുന്നു. കൂടാതെ CII, FICCI, ടൈ കേരള, കേരള സ്റ്റാർട്ട് അപ്പ് മിഷൻ തുടങ്ങിയവർ നടത്തുന്ന വിവിധ പരിപാടികളിൽ പങ്കെടുക്കുന്നതിനുള്ള പിന്തുണ നൽകുന്നുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ പരിഷ്കാരം ആവശ്യമെങ്കിൽ അക്കാര്യം പരിശോധിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**